# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3047 20.06.2014 ലെ മറുപടിക്ക്

### പ്രവാസി മലയാളികളുടെ സഹകരണത്തോടെയുള്ള പദ്ധതികൾ

ചോദ്യം

ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്

(എ). പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

മറുപടി

ശ്രീ. കെ.സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)*

(എ). പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. തിരികെ വന്ന പ്രവാസികൾക്കായി, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡി നൽകി സംരംഭം ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകുന്നതിനുള്ള പ്രവാസി പുനരധിവാസ പദ്ധതി-'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)'.

2. സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നല്കുന്നതിന് വേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ "നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ" എന്ന പദ്ധതി.

3. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ തന്റേതല്ലാത്ത കാരണങ്ങളാൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി യായ 'പ്രവാസി ലീഗൽ അസിസ്റ്റൻസ്'.

4. വിദേശ രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർധനരായ പ്രവാസി മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നല്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള 'സ്വപ്നസാഫല്യം' പദ്ധതി.

5. തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാസഹായം, വിവാഹധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവയും മരണമടയുന്ന പ്രവാസി കളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായവും നൽകുന്ന 'സാന്ത്വന പദ്ധതി'.

6. പ്രവാസികൾക്ക് നോർക്കയുടെ പദ്ധതികൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും നോർക്ക റൂട്ട്സ് സെല്ലുകൾ.

7. മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കു ന്നതിനായി ചെന്നൈ, ബാംഗ്ലൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥല ങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ .

8. നോർക്കയുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദേശ

രാജ്യങ്ങളിൽ നോർക്ക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹ്റിനിൽ നോർക്കാ സഹായ കേന്ദ്രം.

9. ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം മൂലം തിരികെ എത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി സമഗ്ര പുനരധിവാസ പദ്ധതി.

10. മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ അന്വേഷകരുടെയും ഓൺലൈൻ വേദിയായ 'ജോബ് പോർട്ടൽ'.

11. നോർക്ക വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന '24 മണിക്കൂർ ഹെൽപ്പ് ലൈൻ/കോൾ സെന്റർ'.

12. വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവരിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സംയോജിത പരിശീലന പരിപാടിയായ 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം'.

13. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം വിദേശ തൊഴിൽ വിപണികളിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി.

14. ഇന്ത്യക്കുപുറത്തോ, ഇതര സംസ്ഥാനങ്ങളിലോ വെച്ച് മരണമടയുന്ന പ്രവാസി

| | |
|---|---|
| | മലയാളികളുടെ മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയായ 'കാരുണ്യം പദ്ധതി'.<br><br>15. പ്രവാസികൾക്കായി പെൻഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ 'കേരള പ്രവാസി കേരളീയ ക്ഷേമബോർഡ്'.<br>16. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സ് ഓഫീസുകൾ മുഖേന കേന്ദ്ര മാനവവിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി വിദേശ തൊഴിൽ തേടുന്നവർക്ക് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ .<br>17. പ്രവാസി മലയാളികൾക്ക് അപകടമരണം, സ്ഥിരമായ/പൂർണ്ണമായ്/ ഭാഗികമായ വൈകല്യം സംഭവിക്കൽ എന്നിവയ്ക്ക് രണ്ടു ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ.<br>18. പ്രവാസി കേരളീയർക്ക് തിരിച്ചറിയൽ കാർഡ്.<br>19. കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ് മുഖാന്തിരം വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹധനസഹായം തുടങ്ങിയവ. |
| (ബി) പ്രവാസി മലയാളികളുടെ സഹകരണത്തോടെ സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി). സംസ്ഥാനത്തിന്റെ വികസന പദ്ധതികളിൽ പ്രവാസി മലയാളികളുടെ സഹകരണം ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ